പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2006 — 26.03.2013-ൽ മറുപടിയ്ക്ക്

## വൈദ്യുതി കമ്പനികൾക്കുള്ള സാമ്പത്തിക പുനസംഘടനാ പാക്കേജ്.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. റ്റി. എൻ. പ്രതാപൻ :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി കമ്പനികൾക്കുള്ള സാമ്പത്തിക പുനസംഘടനാ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) കേന്ദ്ര സർക്കാർ 05.10.2012 ലെ 20/11/2012 – APDRP നമ്പർ ഓഫീസ് മെമ്മോറാൻഡം പ്രകാരം സംസ്ഥാന വൈദ്യുതി വിതരണ കമ്പനികളുടെ (DISCOMS) സാമ്പത്തിക പുനഃസംഘടനയ്ക്കുള്ള ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പാക്കേജിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) സംസ്ഥാന വിതരണ കമ്പനികളുടെ ഹ്രസ്വകാല വായ്പകളുടെ ഒരു ഭാഗം സംസ്ഥാന സർക്കാരുകൾ ഏറ്റെടുക്കുകയും ബാക്കി ഭാഗം ദീർഘകാല വായ്പകളാക്കി മാറ്റുകയും അതിനു ശേഷം സുവ്യക്തമായ നടപടികളിലൂടെ സംസ്ഥാന വിതരണ കമ്പനികളുടെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുകയുമാണ് പ്രസ്തുത പാക്കേജ് ലക്ഷ്യമാക്കുന്നത്. |
| (സി) പ്രസ്തുത പാക്കേജിന്റെ നടപടികൾക്കായി സംസ്ഥാന സമിതി രൂപീകരിച്ചിട്ടുണ്ടോ ; | (സി) കേരള ഗവൺമെന്റ് GO (MS) No. 09/2013/PD തീയതി 28.02.2013 ലെ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല കമ്മിറ്റി രൂപവത്കരിച്ചിട്ടുണ്ട്.<br>താഴെ പറയുന്നവർ കമ്മിറ്റി അംഗങ്ങളാണ്. |

1. പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെൻറ്.
2. സെക്രട്ടറി, പവർ ഡിപ്പാർട്ട്മെൻറ്.
3. ചെയർമാൻ, കെ.എസ്.ഇ.ബി.
4. കെ.എസ്.ഇ.ബി യുടെ 3 പ്രധാന പണമിടപാടുകാരുടെ പ്രതിനിധികൾ.
5. റിസർവ് ബാങ്ക് പ്രതിനിധികൾ.
6. കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ പ്രതിനിധികൾ

(ഡി) പ്രസ്തുത സമിതിയുടെ ചുമതലകൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ അറിയിക്കുമോ ?

(ഡി) ഓഫീസ് മെമ്മോറാണ്ടം clause 4.2 പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള പ്രസ്തുത കമ്മിറ്റിയെ ഈ സ്കീം നടപ്പാക്കുന്നതിൻെറ പുരോഗതിയെ പറ്റിയുള്ള ത്രൈമാസ റിപ്പോർട്ടുകൾ കേന്ദ്ര കമ്മിറ്റിയുടെ മുൻപാകെ സമർപ്പിയ്ക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നു.

സെക്ഷൻ ഓഫീസർ.